പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2222 | 23.03.2012 ൽ മറുപടിയ്ക്ക് |
|---|---|

**അംഗൻവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. അൻവർ സാദത്ത് | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | അംഗൻവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) അംഗൻവാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളാകയാൽ അവയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. |
| (ബി) | കെട്ടിടനിർമ്മാണത്തിന് കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; | (ബി) കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടില്ല. എങ്കിലും അംഗൻവാടികൾ വഴിയുള്ള അനുപൂരക പോഷകാഹാര പരിപാടിയ്ക്കായി കേന്ദ്രസർക്കാർ 50% കേന്ദ്രസഹായമായി തിരികെ നൽകിയ തുകയിൽ നിന്നും 5452.49 ലക്ഷം രൂപ മാതൃകാ അംഗൻവാടി കെട്ടിടം ഉൾപ്പെടെയുള്ള നിർമ്മാണത്തിന് വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | കേന്ദ്രസഹായമായി എത്ര തുക നൽകാമെന്ന് വാഗ്ദാനം ലഭിച്ചിട്ടുണ്ട്? | (സി) ലഭിക്കുന്ന തുകയെപ്പറ്റി കേന്ദ്രത്തിൽ നിന്നും വാഗ്ദാനമൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ